# UDAYADEEPA



VOL. XVIII ISSUE - 6
JUNE 2026 BELTHANGADY

# Newly Blessed Church





Infant Jesus Church, Navoor
29.03.2026

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൾത്തംഗഡി

## Belthangady Diocesan Bulletin

Vol. XVIII    Issue-06    June - 2026    Page- 44

Annual Subscription: Rs. 140-00    Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Circular No-6 | 05 |
| 02. | Pope Leo XIV : Message on World Vocation Day | 08 |
| 03. | Notifications from the Chancellery | 15 |
| 04. | Catechism Department News | 22 |
| 05. | Bible Apostolate News | 26 |
| 06. | Social Service Department | 27 |
| 07. | Photo Gallery | 31 |
| 08. | Bishop’s Diary : Bp. Lawrence Mukkuzhy | 38 |
| 09. | Bishop’s Diary : Bp. James Patteril CMF | 40 |
| 10. | Bishop’s Engagements : Bp. James Patteril CMF | 43 |

## Circular

**മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**

**No. 06/ 2026**

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർ തോമാ നസ്രാണികളുടെ പിതാവും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനുമായ വി. തോമ്മാശ്ലീഹായുടെ മരണ ദിനം ദുക്റാന തിരുനാളായി ജൂലൈ 3ന് നാം ആചരിക്കുകയാണല്ലോ. തോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച നമ്മുടെ പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ നാം കടപ്പെട്ടവരാണെണ് ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഏവർക്കും ദുക്റാന തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു!

വിശുദ്ധ തോമാശ്ലീഹാ നമ്മുടെ വിശ്വാസത്തിന്റെ പിതാവാണ്. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ 11 :16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. തോമ്മാശ്ലീഹായ്ക്ക് ഈശോയുമായുള്ള സൗഹൃദത്തിൽനിന്ന് വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ സാധിച്ചതുപോലെ നമുക്കും ഈശോയുമായുള്ള സ്നേഹ സൗഹൃദത്തിലൂടെ വിശ്വാസത്തിന്റെ വെളിച്ചം നമ്മുടെ കുടുംബത്തിലും, സമൂഹത്തിലും, ഇടവകയിലും പ്രകാശിപ്പിക്കാൻ സാധിക്കണം.

ഈശോയെ കൂടുതൽ അറിയാനും കൂടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. “കർത്താവേ നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും” (യോഹ 14 : 5) എന്ന ചോദ്യം ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും “അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണു

കയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ 20 : 25) എന്ന ശാഠ്യവും തോമ്മാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമ്മാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ എന്റെ കർത്താവേ എന്റെ ദൈവമേ എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും, വിശ്വാസവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

ഹൃദയബന്ധത്തിന്റെ പ്രാധാന്യം 'അവൻ നമ്മെ സ്നേഹിച്ചു' (*Dilexit Nos*) എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ വിശ്വാസത്തെ നമുക്ക് സ്നേഹത്തിലൂടെ പ്രവർത്തനനിരതവും ഫലപ്രദവുംമാകാം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണല്ലോ വി. പൗലോസ്ശ്ലീഹ നമ്മിൽ നിന്നാവശ്യപ്പെടുന്നത് (ഗലാ 5, 6).

ജൂലൈ മൂന്ന് ദുക്റാന തിരുനാൾ കടമുള്ള ദിവസം കൂടിയാണ്. സാധിക്കുന്നവർ അന്നേ ദിവസം വിശുദ്ധ കൂർബാനയിൽ പങ്കെടുക്കണം. സീറോ മലബാർ സഭാ ഈ ദിവസം സഭാദിമായി ആചരിക്കുകയാണല്ലോ. നമ്മുടെ സഭയ്ക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. സീറോ മലബാർ സഭയുടെ വിശ്വാസ പാരമ്പര്യവും സഭാ ചൈതന്യവും എല്ലാവർക്കും ആഴത്തിൽ മനസ്സിലാകത്തക്കവിധമുള്ള കാര്യപരിവാടികൾ ഒരുക്കേണ്ടതാണ്. ഉചിതമായ കർമ്മപരിപാടികളോടെ ഈ തിരുനാൾ ആചരിക്കുവാൻ നിങ്ങളെ എല്ലാവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഒപ്പം നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനായ മാർ തോമ്മാശ്ലീഹായോട് നമ്മുടെ രൂപതയ്ക്ക് വേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കാം.

എന്റെ കർത്താവേ, എന്റെ ദൈവമെ എന്ന് വിളിച്ചാരാധിച്ചു കൊണ്ട് ഈശോയോടും ശിഷ്യന്മാരുടെ കൂട്ടായ്മയോടും ചേർന്നു നിന്ന തോമാശ്ലീഹായായിരിക്കട്ടെ നമ്മുടെ മാതൃക. തോമ്മാശ്ലീഹായ്ക്ക് ഈശോയോടും ശിഷ്യന്മാരുടെ കൂട്ടായ്മയോടും ചേർന്നു നിൽക്കാൻ സാധിച്ചതുപോലെ നമുക്കും നമ്മുടെ സഭയിലും, ഇടവകയിലും, കുടുംബത്തിലും, സമൂഹത്തിലും, കൂട്ടായ്മ പ്രകാശിപ്പിക്കാൻ സാധിക്കണം. ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചവരുടെ കൂട്ടായ്മയായി നാം സമൂഹമദ്ധ്യത്തിൽ പ്രകാശിക്കേണ്ടതുണ്ട്.

തോമാശ്ലീഹായെപോലെ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽനിന്ന് വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ സാധികട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടും വാത്സല്യപൂർവം നമ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന്റെയും നമ്മുടെ രൂപതയുടെ മധ്യസ്ഥനായ വി. തോമാശ്ലീഹയുടെയും സംരക്ഷണയ്ക്ക് നിങ്ങളെ എല്ലാവരെയും സമർപ്പിച്ചുകൊണ്ടും + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൾത്തംഗഡി | **+ മാർ ജെയിംസ് പട്ടേരിൽ സി.എം.എഫ്.**
28.05.2026 | ബെൾത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB**: ഈ സർക്കുലർ 28.06.2026ന് എല്ലാ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Apostolic Letter**
**Pope Leo XIV**
4177/K-35/KCBC/ OL/DS

**ദൈവവിളികൾക്കായുള്ള 63-ാമത് ആഗോള പ്രാർഥനാദിനത്തിൽ**
**(ഏപ്രിൽ 26,2026)**
**പരിശുദ്ധ പിതാവ് ലിയോ പതിനാലമൻ പാപ്പാ നല്കുന്ന സന്ദേശം**
**അന്തരാത്മാവിൽ ദൈവികദാനം കണ്ടെത്തുന്നത്**

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവതീയുവാക്കന്മാരേ,

ഉത്ഥിതനായ യേശുവിനാൽ നയിക്കപ്പെട്ടും സംരക്ഷിക്കപ്പെട്ടും നാം പെസഹാകാലത്തിലെ നാലാം ഞായറാഴ്ച്ച ആചരിക്കുന്നു. "നല്ലി ടയൻ ഞായർ" എന്ന് അറിയപ്പെട്ടുന്ന ഇന്ന് ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനയുടെ 63-ാമത് ദിനം കൂടിയാണ്. ഇതൊരു അനുഗ്ര ഹത്തിന്റെ അവസരമാണ്. ഈ ദിനത്തിൽ നാം ദൈവവിളിയുടെ ആന്ത രികവശത്തെക്കുറിച്ച് ചില ചിന്തകൾ പങ്കുവയ്ക്കുന്നു. യഥാർഥത്തിൽ, അത് നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ പൂവണിയുന്ന ദൈവികദാ നത്തിന്റെ കണ്ടെത്തലാണ്. നമ്മുടെ ഇടയൻ നമ്മെ നടത്തുന്ന ജീവിത ത്തിന്റെ അതീവസുന്ദരമായ ഈ പാത നമുക്ക് ഒരുമിച്ച് കണ്ടെത്താൻ ശ്രമിക്കാം.

**സൗന്ദര്യത്തിന്റെ പാത**

യോഹന്നാന്റെ സുവിശേഷത്തിൽ യേശു സ്വയം "നല്ല ഇട യൻ" (ഹോപൊയ്മേൻ ഹോ കലോസ് എന്നു ഗ്രീക്ക് ഭാഷയിൽ) (യോഹ 10: 11)ആയി ചിത്രീകരിക്കുന്നു. പരിപൂർണനും ആധികാരികത യുള്ളവനും മാതൃകാ പുരുഷനുമായ ഒരു ഇടയനെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്; അതായത്, തന്റെ അജഗണത്തിനുവേണ്ടി സ്വജീവൻ സമർപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്താനും തയ്യാറുള്ളവൻ. ഈ സൗന്ദര്യം തിരിച്ചറിയാൻ ശാരീരിക നേത്രങ്ങളോ ലാവണ്യശാസ്ത്ര സംവേദനശക്തിയോ മതിയാവില്ല; ഇതിന് അതീന്ദ്രിയ ധ്യാനവും ആന്തരികതയും (contemplation and interiority) അത്യാവശ്യ മാണ്. ഇടയന്റെ കടാക്ഷം സ്വാഗതംചെയ്യാനായി അൽപനേരം നിൽക്കു കയും ശ്രവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ആളിനു മാത്രമേ ആത്മവിശ്വാസത്തോടെ ഇപ്രകാരം പറയാനാവു, "ഞാൻ അവനിൽ ആശ്രയിക്കുന്നു; അവനോടൊപ്പമുള്ള എന്റെ ജീവിതം തികച്ചും സുന്ദര

മായിരിക്കും. ആ സുന്ദരപാതയിലൂടെ സഞ്ചരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'' 'ഇതിൽ ഏറ്റവും അനിതരസാധാരണമായുള്ളത്, അവന്റെ ശിഷ്യനായിത്തീരുന്നയാൾ യഥാർഥത്തിൽ ''സുന്ദരനായി'' ഭവിക്കുന്നു എന്നതാണ്; അവന്റെ സൗന്ദര്യം നമ്മെ രൂപാന്തരപ്പെടുത്തുന്നു. പാവൽ ഫ്ലോറൻസ്കി എന്ന ദൈവശാസ്ത്രജ്ഞൻ എഴുതിയതുപോലെ, താപസചര്യ (a-sc-e-ticism) കേവലം ഒരു ''നല്ല'' വ്യക്തിയെ (''good''person) മാത്രമല്ല ജനിപ്പിക്കുന്നത്; മറിച്ച്, ഒരു ''സന്ദരനായവനെ'' (''beautiful'' one)കൂടിയാണ് (1) യഥാർഥത്തിൽ, നന്മയ്ക്കുപരി, ഒരു വിശുദ്ധന്റെ സവിശേഷലക്ഷണം അവന്റെയോ അവളുടെയോ ക്രിസ്തുവിലുള്ള ജീവിതത്തിൽനിന്നു പ്രസരിക്കുന്ന തോജോമയമായ ആത്മീയ സൗന്ദര്യമാണ്. ഈ അർഥത്തിൽ, ക്രിസ്തീയ ദൈവവിളി പ്രകാശിതമാകുന്നത് യേശുവിന്റെ ജീവിതത്തിലുള്ള പങ്കാളിത്തത്തിന്റെ ആഴത്തിനനുസരിച്ചാണ്; അതായത്, അവിടത്തെ ദൗത്യത്തിൽ പങ്കുചേരുകയും അങ്ങനെ അവിടത്തെ സൗന്ദര്യം പ്രതിഫലിപ്പിക്കുകയും ചെയ്യുകവഴി, ജീവന്റെയും വിശ്വാസത്തിന്റെയും അർഥത്തിന്റെയും ഈ ആന്തരിക അനുഭവം വിശുദ്ധ അഗസ്റ്റിനും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ ആത്മകഥയുടെ (confessions) മൂന്നാം പുസ്തകത്തിൽ യൗവനത്തിലെ പാപങ്ങളെയും തെറ്റുകളെയും അംഗീകരിച്ചുകൊണ്ട്, ദൈവം ''തന്റെ പുറമേയുള്ള ആന്തരികതയ്ക്കുമുപരി ഏറ്റവും അഗാധതലത്തിൽ (''more inward than my most inward part'') സന്നിഹിതനായിരുന്നു എന്ന് ഏറ്റുപറയുന്നു (2). സ്വയം അറിഞ്ഞതിലുപരി അഗസ്റ്റിൻ ഇരുളിലൂടെ തന്നെ നയിച്ച ദൈവികവെളിച്ചത്തെ കണ്ടെത്തുന്നു. തന്റെ ആത്മാവിന്റെ അന്തരാളങ്ങളിൽ ദൈവിക സാന്നിധ്യം തിരിച്ചറിഞ്ഞ അഗസ്റ്റിൻ ആന്തരിക ജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി; അവിടെയാണ് ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഇടം; ആ കണ്ടുമുട്ടലാണ് നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ സൗന്ദര്യവും നന്മയും അനുഭവിക്കാനുള്ള മാർഗവും.

അപ്രകാരമുള്ള ഒരു ബന്ധം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് പ്രാർഥനയിലും നിശബ്ദതയിലുമാണ്. അവ പരിപോഷിപ്പിക്കപ്പെടുമ്പോൾ ദൈവവിളി എന്ന ദാനം സ്വീകരിക്കാനും അതിനോടു ക്രിയാത്മകമായി പ്രത്യുത്തരിക്കാനും നാം പ്രാപ്തരാക്കപ്പെടുന്നു. അതു നമ്മടെമേൽ ഒരിക്കലും അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നല്ല; മാത്രമല്ല, അത് എല്ലാവരും നിർബന്ധപൂർവം അനുരൂപപ്പെടേണ്ട ഏക മാതൃകയല്ല താനും; മറിച്ച്, അത് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു സാഹസമാണ്. അതിനാൽ, ആന്തരിക ജീവിതത്തെ പരിപോഷിപ്പിക്കു

ന്നതിന്റെ ഭാഗമായി, നാം നമ്മുടെ ദൈവവിളി പ്രോത്സാഹനശുശ്രൂഷ അടിയന്തരമായി പുനരാരംഭിക്കണം; അങ്ങനെ നമ്മുടെ സുവിശേഷ വൽകരണത്തിനുള്ള പ്രതിജ്ഞാബദ്ധതയും നാം നവീകരിക്കണം.

ഇതിന്റെ വെളിച്ചത്തിൽ, ഞാൻ കുടുംബങ്ങളിലും ഇടവകകളിലും സന്ന്യാസസമൂഹങ്ങളിലുമുള്ള ഓരോരുത്തരെയും മെത്രാന്മാരെയും വൈദികരെയും ഡിക്കന്മാരെയും മതാധ്യാപകരെയും അധ്യാപകരെയും സമസ്ത വിശ്വാസികളെയും ഇതിനായി ക്ഷണിക്കുന്നു; അതായത്, ഈ ദാനം സ്വീകരിക്കാനും പരിപോഷിപ്പിക്കാനും ഇതിനെ സംരക്ഷിക്കാനും അനുഗമനം ചെയ്യാനും അങ്ങനെ സമൃദ്ധമായ ഫലം ലഭിക്കാനും ഇട വരുത്തത്തക്ക രീതി ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനു മായി കൂടുതൽ പ്രതിജ്ഞാബദ്ധരാകാൻ. നമ്മുടെ സാഹചര്യങ്ങൽ സജീവ വിശ്വാസത്താൽ പ്രകാശിതമാവുകയും നിരന്തരമുള്ള പ്രാർത്ഥ നയാൽ പിന്താങ്ങപ്പെടുകയും സഹോദരതുല്യമായ അനുഗമനത്താൽ സമ്പന്നമാക്കപ്പെടുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ വിളി പുഷ്പി ക്കപ്പെടാനും പാകപ്പെടാനും ഇടവരുന്നത്; അങ്ങനെ അത് വ്യക്തി കൾക്കും ലോകത്തിനും ആനന്ദത്തിന്റെയും രക്ഷയുടെയും പാതയായി പരിണമിക്കും. നല്ല ഇടയനായ യേശു ചൂണ്ടിക്കാണിച്ചുതരുന്ന പാത യിലൂടെ സഞ്ചരിക്കുന്നതുവഴിയായി നമുക്ക് നമ്മെത്തന്നെയും നമ്മെ വിളിക്കുന്ന ദൈവത്തെയും ആഴത്തിൽ അറിയാൻ സാധിക്കും.

**പരസ്പരം അറിയുന്നത്**

''ജീവന്റെ നാഥനായ കർത്താവ് നമ്മെ അറിയുകയും തന്റെ സ്നേഹപൂർവകമായ കടാക്ഷംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ ദീപ്ത മാക്കുകയും ചെയ്യുന്നു'' (3). യഥാർത്ഥത്തിൽ, സ്നേഹമായിരിക്കുന്ന ദൈവത്തെ (1യോഹ 4:16 കാണുക) അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതുവഴിയാണ് ഓരോ ദൈവവിളിയും ഉദ്ഭവിക്കുന്നത്. അവി ടത്തേക്ക് നമ്മെ ആഴത്തിൽ അറിയാം; നമ്മുടെ തലമുടിയുടെ എണ്ണം പോലും അവിടുന്ന് എടുത്തിട്ടുണ്ട് (മത്താ 10:30); അതോടൊപ്പം ഓരോ വ്യക്തിയും പിന്തുടരേണ്ട തനതായ വിശുദ്ധിയുടെയും ശുശ്രൂഷയു ടെയും പാതയും അവിടുന്ന് നിർണയിച്ചുവച്ചിട്ടുണ്ട്. എന്നാൽ, ഈ അറിവ് എപ്പോഴും അന്യോന്യമായിരിക്കും. പ്രാർഥന, വചനശ്രവണം, കൂദാശകൾ, സഭാജീവിതം, നമ്മുടെ സഹോദരീസഹോദരന്മാർക്കവേ ണ്ടിയുള്ള ഉപവിപ്രവർത്തനങ്ങൾ എന്നിവ വഴിയായി ദൈവത്തെ അറി യാനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. അപ്രതീക്ഷിതമായി രാത്രിയിൽ കർത്താവിന്റെ സ്വരം കേൾക്കുകയും ഏലിയുടെ സഹായത്തോടെ

അത് തിരിച്ചറിയുകയും ചെയ്ത ബാലനായ സാമുവലിനെപ്പോലെ (1 സാമു 3: 1-10കാണുക) നാമും ആന്തരിക നിശബ്ദതയ്ക്കായി ഒരു സ്ഥലം സജ്ജമാക്കണം; അതുവഴിയായി, നമ്മുടെ സന്തോഷത്തിനായി കർത്താവ് ആഗ്രഹിക്കുന്നത് നമുക്ക് കേൾക്കാനാകും. ഇത് വളരെ ഉയർന്ന ആശയങ്ങൾ സ്വരൂപിക്കാനോ വിദഗ്ധ അറിവ് (Sholarly learning) നേടാനോ അല്ല; മറിച്ച്, നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന വ്യക്തിപരമായ കണ്ടുമുട്ടലിനുവേണ്ടിയാണ്(4). ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. നമ്മെ വിളിക്കുകയും പ്രത്യുത്തരിക്കാനായി ക്ഷണിക്കുകയും ചെയ്യുന്ന ദൈവവുമായി ഗാഢമായ സംഭാഷണത്തിൽ ഏർപ്പെടാനുള്ളതാണ് ഒരു ദൈവവിളി; ബധിരത സൃഷ്ടിക്കുന്നതരത്തിലുള്ള ലോകത്തിന്റെ ശബ്ദകോലാഹലത്തിനിടയിൽ യഥാർഥ സന്തോഷത്തോടും ഔദാര്യത്തോടും പ്രത്യുത്തരിക്കാനുള്ള ക്ഷണമാണത്.

Noli foras ire, in te ipsum redi, in interior homine habitat veritas-"നീ നിന്നിൽ നിന്ന് പുറത്തു പോകരുത്; നിന്നിലേക്കു നീ തിരിയെവരുക. ആന്തരിക മനുഷ്യനിലാണ് സത്യം കുടികൊള്ളുന്നത്" (5). അൽപനേരം നിൽക്കുകയും ആന്തരിക നിശബ്ദതയ്ക്കുവേണ്ടി സ്ഥലം ഒരുക്കുകയും ചെയ്യേണ്ടത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് വീണ്ടും വിശുദ്ധ അഗസ്റ്റിൻ നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെയാണ് യേശുക്രിസ്തുവിന്റെ ശബ്ദം ശ്രവിക്കാൻ നാം പ്രാപ്തരാകുന്നത്.

പ്രിയപ്പെട്ട യുവജനമേ, ഈ ശബ്ദം കേൾക്കുവിൻ. പൂർണവും ഫലപ്രദവുമായ ഒരു ജീവിതത്തിനായി നിങ്ങളെ ക്ഷണിക്കുന്ന കർത്താവിന്റെ സ്വരം ശ്രവിക്കുവിൻ; നിങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്താനാണ് അവിടുന്ന് വിളിക്കുന്നത് (മത്താ 25: 14 -30), അതോടൊപ്പം നിങ്ങളുടെ പരിമിതികളും ബലഹീനതകളും ക്രിസ്തുവിന്റെ മഹത്ത്വപൂർണമായ കുരിശിനോടും ചേർത്തുവയ്ക്കാനും. അതിനാൽ, ദിവ്യകാരുണ്യ ആരാധനയ്ക്ക് സമയം കണ്ടെത്തുക; വിശ്വസ്തതയോടെ ദൈവവചനം ധ്യാനിക്കുക, അങ്ങനെ ഓരോ ദിവസവും അത് പ്രാവർത്തികമാക്കാൻ ഇടവരട്ടെ. അതോടൊപ്പം സഭയുടെ കൗദാശികവും സഭാത്മകവുമായ ജീവിതത്തിൽ സജീവവും പൂർണവുമായ വിധത്തിൽ പങ്കുചേരുക. ഈ രീതിയിൽ, നിങ്ങൾ കർത്താവിനെ അറിയുന്നവരായി ഭവിക്കും. അവിടത്തെ സൗഹൃദത്തിന്റെ ആഗാധതയിൽ നിങ്ങൾക്ക് എങ്ങനെ നിങ്ങളെത്തന്നെ നൽകാൻ കഴിയും എന്നത് തിരിച്ചറിയാൻ സാധിക്കും; അത് വിവാഹമോ വൈദികശുശ്രൂഷയോ

സ്ഥിരമായുള്ള ഡീക്കൻശുശ്രൂഷയോ സമർപ്പിത ജീവിതമോ ആകാം. ഓരോ ദൈവവിളിയും സഭയ്ക്കും അത് സന്തോഷപൂർവ്വം സ്വീകരിക്കുന്ന ആളിനും നൽകുന്നത് അളക്കാനാവാത്ത ദാനമാണ്. കർത്താവിനെ അറിയുക എന്നു പറഞ്ഞാൽ എല്ലാറ്റിനുമുപരി അവിടുത്തെ കരങ്ങളിലും പരിപാലനയിലും സ്വയം ഭരമേല്പ്പിക്കുക എന്നതത്രേ; അവിടത്തെ പരിപാലന ഓരോ ദൈവവിളിയിലും അതിസമൃദ്ധമായുണ്ട്.

**വിശ്വാസം അർപ്പിക്കുന്നത്** Trust

അറിവ് ആത്മവിശ്വാസത്തിലേക്കു നയിക്കുന്നു; അതായത്, വിശ്വാസത്തിൽനിന്ന് ഉതിരുന്ന മനോഭാവം; അത് ഒരാളുടെ ദൈവവിളി സ്വാഗതം ചെയ്യുന്നതിനും അതിൽ നിലനിൽക്കുന്നതിനും അത്യാവശ്യമായി വേണ്ടതാണ്. അപ്പോൾ ജീവിതം എന്നത് കർത്താവിൽ നിരന്തരമായി അർപ്പിക്കുന്ന ആശ്രയബോധമായും നമ്മെത്തന്നെ അവിടത്തെ കരങ്ങളിൽ ഉപേക്ഷിക്കുന്ന ഒന്നായും വെളിപ്പെടുത്തപ്പെടും; അത് പലപ്പോഴും അവിടത്തെ പദ്ധതികൾ നമ്മുടെതിനെ തകടിംമറിക്കുന്നത് ആയാൽപ്പോലും.

വിശുദ്ധ യൗസേപ്പിന്റെ കാര്യംതന്നെ നമുക്ക് പരിഗണിക്കാം. കന്യകമറിയത്തിന്റെ ദുർഗ്രഹവും അപ്രതീക്ഷിതവുമായ ഗർഭധാരണത്തിന്റെ സാഹചര്യത്തിൽപ്പോലും അദ്ദേഹം തനിക്ക് സ്വപ്നത്തിൽ ലഭിച്ച് ദൈവികസന്ദേശം വിശ്വസിക്കാനും അനുസരണമുള്ള ഒരു ഹൃദയത്തോടെ മറിയത്തെയും കുഞ്ഞിനെയും സ്വീകരിക്കാനും തയ്യാറായി (മത്താ 1: 18–25; 2: 13–15). ദൈവത്തിന്റെ പദ്ധതികളിൽ സമ്പൂർണമായി പ്രത്യാശയർപ്പിച്ചതിന്റെ ഉത്തമമാതൃകയാണ് നസ്രത്തിലെ യൗസേപ്പ്. തനിക്ക് ചുറ്റുമുള്ളതെല്ലാം ഇരുളിലും അനിശ്ചിതത്വത്തിലും ആയിരിക്കുകയും തന്റേതന്നെ പദ്ധതികളിൽനിന്നു വ്യത്യസ്തമായിരിക്കുന്നു എന്നു കാണുകയും ചെയ്തിട്ടും അവൻ ദൈവത്തിൽ പ്രത്യാശയർപ്പിച്ചു. കർത്താവിന്റെ നന്മയിലും വിശ്വസ്തതയിലും ഉറച്ചു വിശ്വസിച്ചുകൊണ്ട്, അവൻ ദൈവത്തിൻ പ്രത്യാശയർപ്പിക്കുകയും ദൈവകരങ്ങളിൽ സ്വയം ഉപേക്ഷിക്കുകയും ചെയ്തു. "ഓരോ അവസരത്തിലും മംഗലവാർത്ത സമയത്തെ മറിയത്തെപ്പോലെയും ഗെത്സേമിൻ തോട്ടത്തിലെ യേശുവിനെപ്പോലെയും "അതുപോലെ ആകട്ടെ" (Rat) എന്ന് യൗസേപ്പ് ഉദ്ഘോഷിച്ചു (6).

"പ്രത്യാശയുടെ ജൂബിലി" നമ്മെ അനുസ്മരിപ്പിച്ചതുപോലെ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ, നിരാശയ്ക്കു വഴികൊടുക്കാതെ, ദൃഢവും നിലനിൽക്കുന്നതുമായ പ്രത്യാശ അർപ്പിക്കുക എന്നത് അനി

വാര്യമാണ്. ഭയവും സന്ദേഹവും നാം മറികടക്കണം; കാരണം, ചരിത്രത്തിന്റെ നാഥൻ, ലോകത്തിന്റെയും നമ്മുടെ വ്യക്തിപരമായ ചരിത്രത്തിന്റെയും നാഥൻ, ഉയർത്തെഴുന്നേറ്റിരിക്കുന്നു. നമ്മുടെ ഏറ്റവും ഇരുണ്ട മണിക്കുറുകളിൽ അവൻ നമ്മെ ഉപേക്ഷിക്കുകയില്ല; മറിച്ച് തന്റെ പ്രകാശംവഴി എല്ലാ നിഴലുകളെയും അകറ്റുന്നു. പരുക്ഷകളുടെയും പ്രതിസന്ധികളുടെയും മധ്യേപോലും, തന്റെ ആന്മാവിന്റെ പ്രകാശത്താലും ശക്തിയാലും, നമ്മുടെ വിളി വളരുന്നതും പാകപ്പെടുന്നതും നമുക്ക് കാണാനാകും; അത് വർധിതമാംവിധം നമ്മെ വിളിച്ചവന്റെ സൗന്ദര്യം കൂടുതൽ പ്രതിഫലിപ്പിക്കുന്ന തരത്തിലായിരിക്കും; അത് നമ്മുടെ മുറിവുകൾക്കും പരാജയങ്ങൾക്കുമുപരി വിശ്വസ്തതയും പ്രത്യാശയർപ്പണവുംവഴിയായി രൂപപ്പെട്ടിട്ടുള്ള സൗന്ദര്യമായിരിക്കും.

**പാകപ്പെടൽ** (Maturation)

ദൈവവിളി എന്നത് ഒരിടത്ത് ഉറച്ചുനിൽക്കുന്ന ഒരു യഥാർഥ്യമല്ല; മറിച്ച്, അത് പാകപ്പെടലിന്റേതായ ഒരു ചലനാത്മകപ്രക്രിയയാണ്; അത് നമ്മുടെ കർത്താവുമായുള്ള ഗാഢബന്ധത്താൽ പരിപോഷിതമാണ്. ഓരാളുടെ ദൈവവിളിയിൽ വളരുക എന്നു പറഞ്ഞാൽ നമ്മുടെ ഹൃദയത്തിലും ജീവിതത്തിന്റെ സാഹചര്യങ്ങളിലും പരിശുദ്ധാത്മാവിനെ പ്രവർത്തിക്കാൻ അനുവദിച്ചുകൊണ്ട് യേശുവിനോടൊപ്പം ആയിരിക്കുക എന്നതാണ്.അപ്പോൾ എല്ലാ കാര്യങ്ങളും ഈ ദാനത്തിന്റെ അടിസ്ഥാനത്തിൽ പുനർവ്യാഖ്യാനിക്കപ്പെടും.

മുന്തിരിച്ചെടിയും ശാഖകളും എന്നതുപോലെ (യോഹ 15:1-8 കാണുക) നമ്മുടെ ജീവിതമാകമാനം ശക്തവും സജീവവുമായ ബന്ധത്താൽ കർത്താവിൽ രൂഢമൂലമായിരിക്കണം; അങ്ങനെ നാം നമ്മുടെ പരീക്ഷണങ്ങളും ആവശ്യംവേണ്ട "വെട്ടിയൊരുക്കലും" (pruning) വഴിയായിത്തന്നെ, പൂർണഹൃദയത്തോടെ അവിടുത്തെ വിളിയോടു പ്രത്യുത്തരിക്കാൻ പ്രാപ്തരായിത്തീരും. അങ്ങനെയാകുമ്പോൾ, നമ്മുടെ ജീവിതത്തിലുടനീളം നാം പണിതുയർത്തുന്ന ആധികാരികമായ സാഹോദര്യത്തിന്റെ ചങ്ങലകളായിരിക്കും പലപ്പോഴും ദൈവഹിതത്തിന്റെ പ്രകാശനത്തിന്റെ "ഇടങ്ങളും" അവിടത്തെ അനന്തമായ സ്നേഹം നാം അനുഭവിക്കുന്ന വേദികളും ആയി ഭവിക്കുന്നത്. നമ്മുടെ ദൈവവിളി കണ്ടെത്തുന്നതിലും അതിൽ വളരുന്നതിലും നമ്മെ അനുഗമനം ചെയ്യുന്ന ഒരു യഥാർഥ ആധ്യാത്മിക നിയന്താവ് ഉണ്ടായിരിക്കുക എന്നത് എത്ര മാത്രം അനർഘമായ ഒരു കാര്യമാണ്; പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ വിവേചിച്ചറിയുകയും പരിശോധിക്കുകയും ചയ്യുന്നത് എത്ര

മാത്രം പ്രധാനപ്പെട്ടതാണ്! അങ്ങനെയാണ് ഒരു ദൈവവിളി അതിന്റെ പൂർണസൗന്ദര്യത്തിൽ ഫലദായികത്വത്തിലേക്ക് എത്തിച്ചേരുന്നത്.

ആകയാൽ, ഒരു ദൈവവിളി എന്നു പറയുന്നത് പെട്ടെന്നങ്ങ് സ്വന്തമാക്കാൻ കഴിയുന്ന ഒന്നല്ല; അതായത്, ഒരിക്കൽ നൽകപ്പെട്ട് പൂർത്തിയാക്കപ്പെട്ട ഒന്നല്ല അതായത്, ഒരിക്കൽ മാത്രമായി തന്നുതീർത്ത ഒന്നല്ല ("given" once and for all). മറിച്ച്, ജീവിതംപോലെതന്നെ അത് സധാരണയായി തുറന്നുവരുന്ന ഒരു പാതയാണ്. നമുക്ക് ലഭിച്ച് ദാനം സംരക്ഷിക്കപ്പെടേണ്ടത് മാത്രമല്ല; മറിച്ച്, ദൈവവുമായുള്ള ദൈനംദിന ബന്ധത്തിലൂടെ പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്; അങ്ങനെയാണത് വളരുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നത്. "ഇത് സഹായകമാണ്; കാരണം, നമ്മെ സ്നേഹിക്കുന്ന ദൈവമായുള്ള ബന്ധത്തിൽ നമ്മുടെ ജീവൻ മുഴുവനെയും ഇത് പ്രതിഷ്ഠിക്കുന്നു. ഒരുകാര്യവും കേവലം അവിചാരിതമായി സംഭവിക്കുന്നതിന്റെ അനന്തര ഫലമല്ലെന്ന് ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. നേരെമറിച്ച്, നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവത്തോടു പ്രത്യുത്തരിക്കുന്നതിന്റെ ഭാഗമാണെന്ന് ഇത് നമുക്കു മനസ്സിലാക്കിത്തരുന്നു; കാരണം കർത്താവിന് നമ്മെക്കുറിച്ച് വിസ്മയകരമായ ഒരു പദ്ധതിയുണ്ട്" (7).

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവജനങ്ങളേ, ദൈനംദിനമുള്ള പ്രാർത്ഥനയും ദൈവവചന ധ്യാനവും വഴിയായി ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധം സ്ഥാപിക്കാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. അൽപ്പംനിന്ന്, ശ്രവിച്ച്, നിങ്ങളെത്തന്നെ അവിടത്തെ കരങ്ങളിൽ ഭരമേല്പിക്കുവിൻ. ഈ രീതിയിൽ നിങ്ങളുടെ ദൈവവിളി പാകപ്പെടും; അത് നിങ്ങൾക്കു സന്തോഷം പകരുകയും സഭയ്ക്കും ലോകത്തിനും സമൃദ്ധമായ ഫലം നൽകുകയും ചെയ്യും.

ദൈവിക ദാനത്തിന്റെ ആന്തരികമായ സ്വീകരണത്തിന്റെ മാതൃകയും പ്രാർഥനാപൂർവം ശ്രവിക്കുന്നതിൽ വിദഗ്ദ്ധയുമായ കന്യകമറിയം നിങ്ങളുടെ ഈ പ്രയാണത്തിൽ നിങ്ങളെ എപ്പോഴും അനുഗമനം ചെയ്യട്ടെ!

വത്തിക്കാനിൽനിന്ന് 2026 മാർച്ച് 16-ാം തീയതി നൽകിയത്.
ലിയോ പതിനാലാമൻ പാപ്പ
പരിഭാഷ ഡോ. ജേക്കബ് പ്രസാദ്
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി -682 025

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for June- 2026**

For the values of sports.

Let us pray that sports be an instrument of peace, encounter, and dialogue among cultures and nations, and that they promote values such as respect, solidarity, and personal growth.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

***Feast day* :**

| | |
|---|---|
| Nirappel John CMF | June 24 |
| Paulose Kochuputhenpurackal | June 29 |

***Birth day* :**

| | |
|---|---|
| Joseph Puthusserry | 13 |
| Abraham Kandathinkara CMI | 15 |
| Varkey Malikayil | 16 |
| Augustine Pottamkulamgara | 20 |
| William Thadathanayil | 21 |

♦ **Transfer & Appointments of Rev. Fathers (2026 May)** :

**(w.e.f.-24. 5. 2026)**

| Names & Surname | Designation | Parish |
|---|---|---|
| 1. Very. Rev. Fr. Ayamkudy Joseph | Forane Vicar | Cathedral Church |
| 2. Rev. Fr. Ayamkudy Thomas CMI (Sr) | Vicar | Gonikoppal |
| 3. Very. Rev. Fr. Chelackapally Sebasian | Forane Vicar | Thotathady |
| 4. Rev. Fr. Cheriapally Cyril | Vicar | Kuthloor & Mantrady |
| 5. Rev. Fr. Kandathinkara Abraham CMI | Vicar | Navoor |

| | | |
|---|---|---|
| 6. Very. Rev. Fr. Kannamkal Thomas | Forane Vicar | Dharmasthala |
| 7. Rev. Fr. Kezhakkethazhe Joseph | Pastoral Ministry | Diocese of Wuerzburg, Germany |
| 8. Rev. Fr. Kochuputhenpurakal Paulose | Vicar | Hebri, Ajekar |
| 9. Rev. Fr. Kolakunnel Varghese | Pastoral Ministry | Diocese of Augsburg, Germany |
| 10. Rev. Fr. Kurialassery Joseph | Vicar | Shirady |
| 11. Rev. Fr. Kuttickal Immanuel | Relived as Assit. Parish Priest from | Kattipalla & Mukka Mass Center |
| 12. Rev. Fr. Maligeyil Varkey | Vicar<br>Correspodent | Gandibagilu<br>St. Thomas High School, Neria |
| 13. Rev. Fr. Nirappel John CMF | Vicar | Sullia & Sampaje |
| 14. Rev. Fr. Paikatt Devasia | Vicar | Kanchal |
| | Teacher | St. Thomas High School, Neria |
| 15. Very. Rev. Fr. Pampackal Joseph | Vicar (Additional) | Kota (Kundapura) |
| 16. Rev. Fr. Panengatt Varghese Paul CMI | Back to the Congregation | |
| 17. Rev. Fr. Parekattil Thomas | Vicar | Nettana & Guthigar |
| 18. Rev. Fr. Pathiyottil Joseph | Vicar | Addahole |
| 19. Very. Rev. Fr. Poothakkuzhiyil Joseph | Forane Vicar | Bajagoli, Malachowki & Kervashe |
| 20. Rev. Fr. Poovathingal Devasia | Vicar | Kalenja & Battiyal |
| 21. Rev. Fr. Poovathingal Sebastian | Vicar | Manipal & Udupi Mass Center |
| 22. Very Rev. Fr. Pottamkulangara Augustine | Relived from Kattipalla & Mukka Mass Center | |
| 23. Rev. Fr. Puthettupadavil Kuriakose | Vice - Rector & Procurator | Santhom Gurumandira (Minor Seminary) |
| | Vocation Promoter | Diocese of Belthangady |
| 24. Rev. Fr. Puthiyara Thomas | Vicar | Arla & Padavu |
| 25. Rev. Fr. Puthiyedath Joseph | Director | DKRDS, Social Service |
| 26. Rev. Fr. Puthiyedath Varghese | Vicar | Mundaje |
| 27. Rev. Fr. Puthussery Joseph | Director<br>Vicar | Mariambika Farm Byndoor<br>Kalmakki, Maddiodi & Shirur |
| 28. Rev. Fr. Thazhekattil Mathew | Assit. Director | Jnananilaya, Pastoral Center |
| 29. Rev. Fr. Theruvanmoola Sebastian CMF | Vicar | Heggala &Chickpete |

| | | |
|---|---|---|
| 30. Rev. Fr. Theruvanmoola Mathew CMF | Vicar<br>Correspondent | Bangady<br>Mariambika School, Bangady |
| 31. Rev. Fr.Valiyaparamabil Joseph (Jins) | Pastoral Ministry | Great Britain |
| 32. Rev. Fr.Vadakkemulanjanal Joseph | Pastoral Ministry | Diocese of Wuerzburg, Germany |
| 33. Rev. Fr.Vadakkemurickanakuzhiyil Joseph CMF | Vicar | Kattipalla & Mukka Mass Center |
| 34. Very. Rev. Fr.Valookaran Joseph | Forane Vicar | Kutrupady & Mardala (Neeraje) |
| 35. Rev. Fr. Vellachalil Mathew | Spiritual Father | Santhom Gurumandira (Minor Seminary) |
| | Vicar | Infant Jesus Church, Ellukochi |
| 36. Rev. Fr.Vettamthadathil Mathew | Relived from | Arla |

## ♦ Other Appointments of Rev. Fathers (2026 May) :

| | | |
|---|---|---|
| 1. Rev. Fr.Vettuvazhy Kuriakose | Director | INFAM |

**♦ വികാരി മാറ്റ റിപ്പോർട്ട് :**

സ്ഥലം മാറ്റമുള്ള ബഹു. വികാരിയച്ചന്മാർ ഇടവക മാറി പോകുമ്പോൾ രൂപതാനിയമാവലി (no. 293 – 294) പ്രകാരം വികാരിമാറ്റ റിപ്പോർട്ട് തയ്യാറാക്കുകയും പുതിയ വികാരിയെ ഏൽപ്പിക്കാനായി കൈകാരന്മാരെ ഏല്പിച്ചിരിക്കുന്നു. പുതിയ വികാരി ചുമതലയേറ്റ് 15 ദിവസത്തിനകം ഒപ്പിട്ട കോപ്പി രൂപതാ കച്ചേരിയിൽ എത്തിക്കുമല്ലോ.

**♦ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും വൈദികരുടെയും സംയുക്ത സമ്മേളനം :**

2026 ജൂൺ 02–ാം തിയതി രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികരുടെയും സംയുക്ത സമ്മേളനം അഭി. മാർ ജെയിംസ് പട്ടേരിൽ പിതാവിന്റ അദ്ധ്യക്ഷതയിൽ ജ്ഞാനനിലയത്തിൽ വച്ച് നടക്കുന്നതാണ്. രൂപതയിലെ ബഹു. വൈദികരും, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുമല്ലോ. രൂപതയുടെ അടുത്ത അഞ്ച് വർഷത്തെ കർമ്മപദ്ധതികളെകുറിച്ച് ചർച്ചകൾ നടത്തുവനാണ് ഈ യോഗം വിളിച്ച് കൂട്ടു

ന്നത്. തലശ്ശേരി അതിരൂപതാ ചാൻസിലർ റവ. ഡോ. ബിജു മുട്ടത്തുകുന്നേൽ, തലശ്ശേരി അതിരൂപതാ ഫിനാൻസ് ഓഫിസർ റവ. ഡോ. ജോജി കാക്കരമറ്റത്തിൽ എന്നി അച്ചന്മാരാണ് ഈ യോഗത്തിന് നേതൃത്വം കൊടുക്കുന്നത്.

♦ **വൈദികരുടെ റിഫ്രെഷർ കോഴ്സ് :**

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികർക്കുമായി 2026 ജൂൺ 02-ാം തിയതി വൈകുന്നേരം മുതൽ 4-ാം തിയതി ഉച്ചയ്ക്ക് 1 മണിവരെ വൈദികരുടെ റിഫ്രെഷർ കോഴ്സ് ജ്ഞാനനിലയത്തിൽ വച്ച് നടക്കുന്നതാണ്. തലശ്ശേരി അതിരൂപതാ ചാൻസിലർ റവ. ഡോ. ബിജു മുട്ടത്തുകുന്നേൽ, തലശ്ശേരി അതിരൂപതാ ഫിനാൻസ് ഓഫിസർ റവ. ഡോ. ജോജി കാക്കരമറ്റത്തിൽ, അഡ്വ. ജിജിൽ എന്നിവരാണ് ഈ കോഴ്സിന് നേതൃത്വം കൊടുക്കുന്നത്. രൂപതയിലെ ബഹു. വൈദികരും പ്രസ്തുത കോഴ്സിൽ പങ്കെടുക്കുമല്ലൊ.

♦ **ഹൃദ്യമായ സ്വാഗതം :**

അഡ്ഡഹൊളെ ഇടവകയിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന ബഹു. പതിയോട്ടിൽ ജോസഫച്ചനും, ഗോണിക്കൊപ്പ ഇടവകയിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന സി.എം.ഐ. മൈസൂർ പ്രോവിൻസ് സഭാംഗമായ ബഹു. ആയാംകുടി തോമസച്ചനും, നാവൂർ ഇടവകയിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന സി.എം.ഐ. മൈസൂർ പ്രോവിൻസ് സഭാംഗമായ ബഹു. കണ്ടത്തിങ്കര അബ്രഹാം അച്ചനും, സുള്ള്യ സംപാജെ ഇടവകകളിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന സി.എം.എഫ്. സെന്റ് തോമസ് പ്രോവിൻസ് സഭാംഗമായ ബഹു. നിരപ്പേൽ ജോണച്ചനും, ഹെഗ്ഗള ചിക്ക്പേട്ടെ ഇടവകകളിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന സി.എം.എഫ്. ബെംഗളൂരു പ്രോവിൻസ് സഭാംഗമായ ബഹു. തേരുവന്മൂല സെബാസ്റ്റ്യൻ അച്ചനും, ബംഗാഡി ഇടവകയിൽ അജപാലന ശുശ്രൂഷ ആരംഭിച്ച സി.എം.എഫ്. ബെംഗളൂരു പ്രോവിൻസ് സഭാംഗമായ ബഹു. തേരുവൻമൂല മാത്യു അച്ചനും, കാട്ടിപ്പള്ള മൂക്ക ഇടവകകളിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന സി.എം.

എഫ്. സെന്റ് തോമസ് പ്രോവിൻസ് സഭാംഗമായ ബഹു. വടക്കേമുരിക്കനാകുഴിയിൽ ജോസഫച്ചനും, ബംഗാഡി മരിയാംബിക സ്കൂളിന്റെ ഹെഡ്മിസ്ട്രെസ് ആയി ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന ബഹു. സി. ലീനാ എസ്. എ. ബി. എസ്. നും രൂപതയിലേയ്ക്ക് സ്വാഗതവും പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും വിജയങ്ങളും നേരുകയും ചെയ്യുന്നു.

♦ **നന്ദിയുടെ നറുമലരുകൾ:**

ഗോണിക്കൊപ്പ ഇടവകയിൽ 3 വർഷക്കാലം വികാരിയായി സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത സി.എം.ഐ. മൈസൂർ പ്രോവിൻസ് സഭാംഗമായ ബഹു. വർഗ്ഗീസ് പോൾ പാണെൻങ്കട്ടച്ചനും, കാഞ്ചാൽ ഇടവകയിൽ 6 മാസക്കാലം വികാരിയായി സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത സി.എം.ഐ. മൈസൂർ പ്രോവിൻസ് സഭാംഗമായ ബഹു. ടോം കുന്നംപുറത്തച്ചനും, ബംഗാഡി മരിയാംബിക സ്കൂളിന്റെ ഹെഡ്മാസ്റ്ററായി 1 വർഷക്കാലം സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത സി.എം.എഫ്. ബെംഗളൂരു പ്രോവിൻസ് സഭാംഗമായ ബഹു. മാത്യു തേരുവന്മൂലയച്ചനും, രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, പുതിയ പ്രവർത്തനരംഗത്ത് ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

♦ **പ്രാർത്ഥനാംശംസകൾ**

**സി. എം. ഐ. സന്യാസ** സമുഹത്തിന്റെ മൈസൂർ പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പിരീയറായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. കുന്നത്ത് ജോബി അച്ചനും ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

♦ **New Phone Number of Rev. Fathers**:

Rev. Fr. Ayamkudy Thomas (Sr.,) CMI **:** 90085 41582

Rev. Fr. Kandathinkara Abraham CMI **:** 733 804 8648

Rev. Fr. Pathiyottil Joseph **:** 94472 11032

Rev. Fr. Nirappel John CMF **:** 85478 48011

Rev. Fr. Theruvumoola Sebastian CMF : 89040 36831

Rev. Fr. Vadakkemurickanakuzhiyil Joseph CMF : 85470 07150

♦ **New Addresses**:

**Rev. Fr. Ayamkudy Thomas (Sr.,) CMI**
Vicar, St.Thomas Church
Gonikoppa P.O.,
Kodagu Dt.,
Karnataka -571 213

**Rev. Fr. Abraham Kandathinkara CMI**
Vicar, Infant Jesus Church
C/O Mariambika Church, Bangady
Bangady P.O., Belthangady Tq., D.K.,
Karnataka -574 214

**Rev. Fr. Joseph Pathiyottil**
Vicar, St. Joseph's Church
Addahole, Shirady Village
Gundya P.O., Kadaba Tq., D.K.,
Karnataka -574 229

**Rev. Fr. John Nirappel CMF**
Vicar, St. Mother THeresa Church
Parivarakhana,
Aramboor P.O., Sullia Tq., D.K.,
Karnataka -574 314

**Rev. Fr. Sebastian Theruvanmoola CMF**
Vicar, St.Jude's Church
Heggala P.O., Virajpete Tq., Kodagu Dt.,
Karnataka -571 218

**Rev. Fr. Joseph Vadakkemurickanakuzhiyil CMF**
Vicar, Mary Matha Church, Bala
Kattipalla P.O., Surathkal
Karnataka -575 030

**Rev. Fr. Mathew Vellachalil**
Vicar, Infant Jesus Church, Ellukochi
Karike P.O., Kodagu Dt.,
Karnataka -571 218

- **Special Collections : Peter's Pence - 21st June 2026**

**Fr. Lawrence Poonolil**
Chancellor



# വിശ്വാസ പരിശീലന രംഗം

**"യേശു അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും."** (മത്തായി 28:18-20)

## ഡയറക്റ്ററുടെ സന്ദേശം

പ്രിയപ്പെട്ട വികാരിയച്ചന്മാരേ, സന്യാസിനികളേ, കൈക്കാരന്മാരേ, വിശ്വാസപരിശീലകരായ അധ്യാപകരേ, മാതാപിതാക്കളേ, എന്റെ പ്രിയപ്പെട്ട കുട്ടികളേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

ദൈവാനുഗ്രഹത്തിന്റെ പുതിയൊരു വിശ്വാസപരിശീലന വർഷത്തിലേക്ക് (2026-2027) **മെയ് 31 മുതൽ** നാം ഒന്നുചേർന്ന് പ്രവേശിക്കുകയാണ്. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഈ ദിവസം വിശ്വാസപരിശീലന ക്ലാസുകൾക്ക് ഔദ്യോഗികമായി തുടക്കം കുറിക്കുന്നു. മാർ തോമാ ശ്ലീഹായിൽ നിന്ന് നാം സ്വീകരിച്ച വലിയ വിശ്വാസപാരമ്പര്യം അടുത്ത തലമുറയ്ക്ക് പകർന്നുനൽകാനുള്ള വലിയൊരു ദൗത്യമാണ് ഈ അധ്യയനവർഷത്തിലൂടെ വീണ്ടും ആരംഭിക്കുന്നത്.

**പ്രിയപ്പെട്ട അധ്യാപകരെ,**

സഭയിലെ ഏറ്റവും ശ്രേഷ്ഠമായൊരു ശുശ്രൂഷയിലേക്കാണ് മിശിഹാ നിങ്ങളെ വിളിച്ചിരിക്കുന്നത്. വെറുമൊരു പാഠപുസ്തകം പഠിപ്പിച്ചു തീർക്കുന്നതിനപ്പുറം, സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് ഈശോയെ കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നവരാണ് വിശ്വാസപരിശീലകർ. കുട്ടികളുടെ ആത്മീയവും സ്വഭാവപരവുമായ വളർച്ചയിൽ വലിയ സ്വാധീനം ചെലുത്താൻ നിങ്ങൾക്ക് സാധിക്കും. ഈ ശുശ്രൂഷയെ ഒരു വലിയ ദൈവവിളിയായി കണ്ട്, സ്നേഹത്തോടെയും സമർപ്പണത്തോടെയും കുട്ടികളെ വഴിനടത്താൻ

നിങ്ങൾക്ക് സാധിക്കട്ടെ. രൂപതയുടെയും സഭയുടെയും വലിയ കൃതജ്ഞത നിങ്ങളെ അറിയിക്കുന്നു.

**എന്റെ പ്രിയപ്പെട്ട കുട്ടികളേ,**

വിശ്വാസപരിശീലനം എന്നത് കേവലം അറിവ് നേടൽ മാത്രമല്ല, അത് ഈശോയുമായുള്ള ആഴമേറിയ സൗഹൃദമാണ്. വിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം പങ്കുചേർന്നുകൊണ്ടും, പ്രാർത്ഥനയിലൂടെ ദൈവത്തോട് ചേർന്നുനിന്നുകൊണ്ടും വേണം നാം ഈ പുതിയ അധ്യയനവർഷത്തെ വരവേൽക്കാൻ. മാതാപിതാക്കളെയും മുതിർന്നവരെയും ബഹുമാനിക്കുന്ന, സമൂഹത്തിന് നന്മ ചെയ്യുന്ന നല്ല മക്കളായി വളരാൻ ഈ ക്ലാസുകൾ നിങ്ങളെ സഹായിക്കും. ഓരോ ഞായറാഴ്ചയും വലിയ താല്പര്യത്തോടെ ക്ലാസുകളിൽ പങ്കെടുക്കാൻ എന്റെ എല്ലാ കൂട്ടുകാരും ശ്രദ്ധിക്കുമല്ലോ. നിങ്ങളാണ് നമ്മുടെ സഭയുടെ പ്രത്യാശയും പ്രകാശവും ഭാവിയും.

'യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' (ലൂക്കാ 2:52).

ഈ വചനം പോലെ, ദൈവകൃപയിലും ജ്ഞാനത്തിലും വളരാൻ ഈ പുതിയ വർഷം എല്ലാവർക്കും ഇടയാക്കട്ടെ. വികാരിയച്ചന്മാരുടെയും, അധ്യാപകരുടെയും, മാതാപിതാക്കളുടെയും കൂട്ടായ പരിശ്രമത്തിലൂടെ നമ്മുടെ രൂപതയിലെ ഓരോ ഇടവക സമൂഹവും വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ വിശ്വാസപരിശീലന വർഷം നേരുന്നു!

മിശിഹായിൽ സ്നേഹത്തോടെ, ഡയറക്ടർ

## 11, 12 ക്ലാസ്സിന് ട്രെയിനിങ് പ്രോഗ്രാം

2026-27 അധ്യയന വർഷത്തിൽ 11, 12 എന്നീ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം **മെയ് 18 ആം തിയതി** ജ്ഞാനനിലയത്തിൽവച്ചു നടന്നു. രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ആയിരുന്നു ക്ലാസ്. തലശ്ശേരി അതിരൂപതയിൽനിന്നും വന്ന ബാബു പി. എം. സാറും ജോയി സാറും ആണ് ക്ലാസ്സുകൾ നയിച്ചത്. 38 അധ്യാപകർ ഈ ട്രെയിനിങ്ങിൽ പങ്കെടുത്തു.

## ഏഞ്ചൽസ് മീറ്റ്

**മെയ് 24** ആം തീയതി ഏഞ്ചൽസ് മീറ്റ് നടത്തപ്പെട്ടു. രാവിലെ 10.30 നു കത്തിഡ്രൽ പള്ളിയിൽ അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ വി. കുർബാനയും അതിനുശേഷം അഭിവന്ദ്യ ജെയിംസ് പിതാവുമായി കൂടിക്കാഴ്ച്ചയും ഫോട്ടോസെഷനും ഉണ്ടായിരിന്നു. പിതാവ് എല്ലാ കുട്ടികൾക്കും സമ്മാനം വിതരണം ചെയ്തു. 2026 ൽ ആഘോഷമായി വി. കുർബാന സ്വീകരിച്ച 108 കുട്ടികളും 60 മുതിർന്നവരും ഇതിൽ പങ്കെടുത്തു.

## മതബോധന ഞായർ

**മെയ് 31** ാം തീയതിയായിരുന്നല്ലോ മതബോധന ഞായർ. പുതിയ കുട്ടികൾക്ക് സ്വീകരണം, അരിയിൽ എഴുത്ത്, ഗ്രൂപ്പുകൾ തിരിക്കുക, ലീഡർമാരെ തെരഞ്ഞെടുക്കുക, ക്ലാസ്സ് കയറ്റം നല്കുക മുതലായ കാര്യങ്ങൾ നിങ്ങൾ ചെയ്തുകാണുമല്ലോ.

## ആമുഖ സെമിനാർ

പുതിയ അധ്യാപകരുടെ ആമുഖ സെമിനാർ ജൂൺ മാസം 20, 21 തീയതികളിൽ ജ്ഞാനനിലയത്തിൽവച്ച് നടത്തപ്പെടുന്നതാണ്. 20 ആം തിയതി ശനിയാഴ്ച വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 21 ആം തിയതി ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് അവസാനിക്കുന്നതായിരിക്കും. എല്ലാ പുതിയ അധ്യാപകരും അതുപോലെ ഇതുവരെയും ആമുഖ സെമിനാറിൽ പങ്കെടുക്കാത്ത അധ്യാപകരും ഈ സെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കണമെന്ന് അറിയിക്കുന്നു.

## പുതിയ അധ്യാപകരുടെ നിയമനം

പുതിയ അധ്യാപകരെ ആവശ്യമുള്ളിടത്ത് ഈ മാസം തന്നെ തെരഞ്ഞെടുക്കണം. ജൂൺ മാസം 20, 21 തീയതികളിൽ നടക്കുന്ന ആമുഖ സെമിനാറിനു പറഞ്ഞയക്കുകയും ചെയ്യണം.

## അടുത്ത അധ്യയനവർഷത്തിനുള്ള ഒരുക്കങ്ങൾ

**കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ:** 1. പാഠപുസ്തകം 2. നോട്ട് ബുക്ക് 3. കുർബാന പുസ്തകം 4. ബൈബിൾ 5. പ്രാർത്ഥന പുസ്തകം 6. പൊതുവിജ്ഞാനം 7. വിശുദ്ധരെ അറിയാൻ 8. മിഷൻലീഗ് പ്രാർത്ഥന പുസ്തകം.

**അധ്യാപകർക്ക്**: 1. പാഠപുസ്തകം 2. ടീച്ചിങ്ങ്നോട്ട് 3. സംപൂർണ ബൈബിൾ 4. അധ്യാപക സഹായി. 5. പ്രാർത്ഥന പുസ്തകം.

## പുസ്തകങ്ങൾ ലഭ്യമാണ്

കുട്ടികൾക്ക് ആവശ്യമുള്ള എല്ലാ പുസ്തകങ്ങളും (12 ാം ക്ലാസ്സ് കന്നഡ ഒഴികെ) ലഭ്യമാണ്. വാങ്ങിക്കുമ്പോൾതന്നെ പുസ്തകങ്ങളുടെ തുക നല്കേണ്ടതാണ്.

## സെമസ്റ്റർ പദ്ധതിയെക്കുറിച്ച്

സെമസ്റ്റർ പദ്ധതിയെക്കുറിച്ച് അധ്യാപകരും കുട്ടികളും മാതാപിതാക്കളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ:

നമ്മൾ ഇപ്പോൾ വിശ്വാസ പരിശീലനത്തിൽ സെമസ്റ്റർ പദ്ധതിയാണ് പിന്തുടരുന്നത്. ജൂൺ മുതൽ ഒക്ടോബർ വരെയും പകുതി സിലബസും ഒക്ടോബർ മുതൽ ഏപ്രിൽ വരെയും ബാക്കി പകുതി സിലബസ്സമാണ് പഠിക്കാനുള്ളത്. 80:20 എന്ന അനുപാതത്തിലാണ് മാർക്ക് വിതരണം ചെയ്തിരിക്കുന്നത്. എക്സ്ടർനൽ 80 മാർക്കും ഇന്റർനൽ 20 മാർക്കും ആണ് ഉള്ളത്. 80 മാർക്കിൽ പാഠപുസ്തകത്തിൽ നിന്നും 56 മാർക്കിനുള്ള ചോദ്യങ്ങളെ ഉണ്ടായിരികുകയുള്ളു. ബാക്കി 24 മാർക്കിൽ 8 മാർക്ക് പ്രാർഥനയ്ക്കും 8 മാർക്ക് പൊതുവിജ്ഞാനത്തിനും 8 മാർക്ക് വിശുദ്ധർക്കുമാണ്. ഇന്റർനൽ 20 മാർക്കിൽ ഹാജരിന് 5 മാർക്ക് ക്ലാസിലും വിശുദ്ധ കുർബാനയിലും ഉള്ള പങ്കാളിത്തത്തിന് 5 മാർക്ക് സ്വഭാവത്തിന് 5 മാർക്ക് എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസിന് 5 മാർക്ക്. ഒരു കുട്ടി പാസാകാൻ 35% മാർക്കാണ് ആവശ്യമുള്ളത്. എഴുത്ത് പരീക്ഷയിൽ (എക്സ്റ്റേർണൽ) 80 ൽ 28 മാർക്ക് കുട്ടി നേടിയിരിക്കണം. ഇന്റർനൽ പരീക്ഷയിൽ 20 ൽ 7 മാർക്കും കരസ്ഥമാക്കിയിരിക്കണം. എന്നാൽ മാത്രമേ കുട്ടി ജയിച്ചു എന്ന് പരിഗണിക്കുകയുള്ളൂ. രണ്ടു സെമസ്റ്ററുകളിലും ജയിച്ചാൽ മാത്രമേ ക്ലാസ്സുകയറ്റം നല്കുകയുള്ളു.

തങ്ങളുടെ മക്കൾക്ക് വിശ്വാസപരിശീലനം നല്കേണ്ടത് അടിസ്ഥാനപരമായി മാതാപിതാക്കളുടെ കടമയാണ്. അവരെ സഹായിക്കാനാണ് സഭാസംവിധാനങ്ങൾ ഉള്ളത്. അത് പരമാവധി പ്രയോജനപ്പെടുത്തേണ്ടത് മാതാപിതാക്കളുടെ ഉത്തരവാതിത്വമാണ്.

# ചെറുപുഷ്പ മിഷൻലീഗ്

## സി.എം.എൽ. പ്രവർത്തനവർഷാരംഭം

രൂപതാതലത്തിൽ **ജൂൺ 7 ാം തീയതി** എല്ലാ ഇടവകകളിലും സി.എം.എൽ. പ്രവർത്തനവർഷാരംഭമായി ആചരിക്കണം. കാഴ്ച സമർപ്പണം, കുർബാന, അംഗത്വ സ്വീകരണം, അംഗത്വ നവീകരണം, പതാക ഉയർത്തൽ, റാലി, എന്നിവ നടത്തണം.

7 പേർ അടങ്ങുന്ന ഗ്രൂപ്പുകൾ നിർമിച്ച് മാനുവൽ ബുക്ക് വിതരണം ചെയ്യണം.

**അനുസ്മരിക്കുന്ന വിശുദ്ധർ**

വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ - ജൂൺ 29

**അനുസ്മരിക്കുന്ന തിരുനാൾ**

ഈശോയുടെ തിരുഹൃദയത്തിരുനാൾ - ജൂൺ 12

# തിരുബാലസഖ്യം

**പ്രവർത്തന വർഷാരംഭം**

ജൂൺ 7 ആം തിയതിമുതൽ തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കണം.

**അനുസ്മരിക്കുന്ന വിശുദ്ധൻ**

വി. സ്നാപക യോഹന്നാൻ - ജൂൺ 24

# ബൈബിൾ അപ്പസ്തോലേറ്റ്

വെളിപാട് പുസ്തകം പഠിക്കണം, എഴുതണം. അതിനുവേണ്ടി എല്ലാവരെയും പ്രോത്സാഹിപ്പിക്കുക.

മുതിർന്നവർക്ക് വെളിപാട് പുസ്തകത്തിന്റെ വ്യാഖ്യാനവും ഉണ്ടായിരിക്കുന്നതാണ്. അതിനായി ബഹു. ദാനിയേൽ പൂവണ്ണത്തിൽ അച്ഛൻ നയിക്കുന്ന ക്ലാസ്സുകൾ കൂടുക.

**Rev. Fr. Joseph Cheeran**
Director
Apostolates of Bible & Catechesis

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಇದರ ನೇತೃತ್ವದಲ್ಲಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತ ವ್ಯಕ್ತಿಗಳ ಬೆಂಬಲ ಸಭೆ ಮತ್ತು ಮಾಹಿತಿ ಕಾರ್ಯಕ್ರಮ, ಮಕ್ಕಳ ರಜಾ ಶಿಬಿರ ಹಾಗೂ ಉಚಿತ ಬ್ಯಾಗ್ ಮತ್ತು ಪುಸ್ತಕ ವಿತರಣಾ ಕಾರ್ಯಕ್ರಮವು ದಿನಾಂಕ 6.5.2026 ರಂದು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಎಸ್.ಎಮ್.ವೈ.ಎಮ್. ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಸನೀಶ್ ಪುದುಪರಂಬಿಲ್ ಶಿಬಿರವನ್ನು ಉದ್ಘಾಟಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿದರು. ಬೆಳ್ತಂಗಡಿ ಸರಕಾರಿ ಪ್ರಥಮ ದರ್ಜೆ ಕಾಲೇಜಿನ ನಿವೃತ ಪ್ರಾಂಶುಪಾಲರಾದ ಡಾ. ಆಂಟೋನಿ ಟಿ.ಪಿ., ನವಜೀವನ ಆರೈಕೆ ಕೇಂದ್ರದ ಸದಸ್ಯರಿಗೆ ಹಾಗೂ ಮಕ್ಕಳಿಗೆ ಪ್ರೇರಣಾ ತರಬೇತಿ ನೀಡಿದರು. ನೆಲ್ಯಾಡಿ ಸೈಂಟ್ ಅಲ್ಫೋನ್ಸಾ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ. ಮ್ಯಾಥ್ಯೂ ವೆಟ್ಟಂತ್ತಡತ್ತಿಲ್, ಉಜಿರೆ ಸೈಂಟ್ ಜೋರ್ಜ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ. ಮ್ಯಾಥ್ಯೂ ಅಂಬಾಟ್, ಬೆಳ್ತಂಗಡಿ ಸರಕಾರಿ ಪ್ರಥಮ ದರ್ಜೆ ಕಾಲೇಜಿನ ನಿವೃತ ಪ್ರಾಂಶುಪಾಲರಾದ ಡಾ. ಆಂಟೋನಿ ಟಿ.ಪಿ, ಸತ್ಯ ಸ್ವ ಸಹಾಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಸಾಲಿ ವರ್ಗೀಸ್ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿ, ಬ್ಯಾಗ್, ಕಲಿಕಾ ಸಾಮಗ್ರಿ ಮತ್ತು ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಿ, ಸಂಸ್ಥೆಗೆ ಧನ ಸಹಾಯ ನೀಡಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ. ಪ್ರಾಸ್ತಾವಿಕ ನುಡಿಗಳನ್ನಾಡಿದರು. ಒಟ್ಟು 80 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದರು.

ಈ ತಿಂಗಳಿನಲ್ಲಿ ಈ 0ಯೋಜನೆಗೆ ಒಟ್ಟು ರೂ. 25,000/– ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯುನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತಿದೆ.

ಸಾಲ ಪಡೆದ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ.25,49,981/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಸ್ವಾವಲಂಬನ್ ಯೋಜನೆ:**

ಆರ್ಥಿಕವಾಗಿ ಹಿಂದುಳಿದ ಹಾಗೂ ಸ್ವ– ಉದ್ಯೋಗ ಮಾಡಲು ಆಸಕ್ತಿ ಇರುವ ಸ್ವ–ಸಹಾಯ ಸಂಘಗಳ ಒಟ್ಟು 32 ಮಂದಿ ಸದಸ್ಯರಿಗೆ ತಲಾ ರೂ. 15,000/–ದಂತೆ ಸಾಲ ಸೌಲಭ್ಯ ನೀಡದ್ದು, ಅದನ್ನು ಸದಸ್ಯರು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 111 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,179 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 29.04.2026 ರಂದು ನೆಟ್ಟಣ ಮಹಾಸಂಘದ ಮಹಾಸಭೆ ಹಾಗೂ ನಿರ್ದೇಶಕರಿಗೆ ಬೀಳ್ಕೊಡುಗೆ ಕಾರ್ಯಕ್ರಮವನ್ನು ನೆಟ್ಟಣ ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನಿರ್ದೇಶಕರಾದ ವಂ.ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಉಪಸ್ಥಿತರಿದ್ದು ಮಹಾಸಂಘಗಳನ್ನು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವಂತೆ ಹಾಗೂ 10 ವರ್ಷ ಸಂಸ್ಥೆಯಲ್ಲಿ ನೀಡಿದ ಸೇವೆ ಬಗ್ಗೆ ತಿಳಿಸಿ ಶುಭ ಹಾರೈಸಿದ್ದಾರೆ. ಸದಸ್ಯರಿಗೆ ಮಾದರಿ ಮಹಾಸಂಘ ರಚನೆ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಮಹಾಸಂಘ ವತಿಯಿಂದ ನಿರ್ದೇಶಕರಿಗೆ ಕಿರು ಕಾಣಿಕೆ ನೀಡಿ ಅಭಿನಂದನೆ ಸಲ್ಲಿಸಲಾಗಿದೆ.

ದಿನಾಂಕ 05.05.2025 ರಂದು ಗಂಡಿಬಾಗಿಲು ಮಹಾಸಂಘದ ಮಹಾಸಭೆ ಹಾಗೂ ನಿರ್ದೇಶಕರಿಗೆ ಬೀಳ್ಕೊಡುಗೆ ಕಾರ್ಯಕ್ರಮವನ್ನು ಗಂಡಿಬಾಗಿಲು ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನಿರ್ದೇಶಕರಾದ ವಂ.ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಉಪಸ್ಥಿತರಿದ್ದು ಮಹಾಸಂಘಗಳನ್ನು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವಂತೆ ಹಾಗೂ 10 ವರ್ಷ ಸಂಸ್ಥೆಯಲ್ಲಿ ನೀಡಿದ ಸೇವೆ ಬಗ್ಗೆ ತಿಳಿಸಿ ಶುಭ ಹಾರೈಸಿದ್ದಾರೆ. ಸದಸ್ಯರಿಗೆ ಮಹಾಸಂಘ ಬಲವರ್ಧನೆ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಮಹಾಸಂಘ ವತಿಯಿಂದ ಕಿರು ಕಾಣಿಕೆ ನೀಡಿ ಅಭಿನಂದನೆ ಸಲ್ಲಿಸಲಾಗಿದೆ.

ದಿನಾಂಕ 14.05.2026 ರಂದು ತೋಟತ್ತಾಡಿ ಮಹಾಸಂಘದ ಮಹಾಸಭೆ ಹಾಗೂ

ನಿರ್ದೇಶಕರಿಗೆ ಬೀಳ್ಕೊಡುಗೆ ಕಾರ್ಯಕ್ರಮವನ್ನು ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನಿರ್ದೇಶಕರಾದ ವಂ.ಫಾ। ಬಿನೋಯಿ ಎ.ಜೆ ಉಪಸ್ಥಿತರಿದ್ದು ಮಹಾಸಂಘಗಳನ್ನು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವಂತೆ ಹಾಗೂ 10 ವರ್ಷ ಸಂಸ್ಥೆಯಲ್ಲಿ ನೀಡಿದ ಸೇವೆ ಬಗ್ಗೆ ತಿಳಿಸಿ ಶುಭ ಹಾರೈಸಿದ್ದಾರೆ. ತೋಟತ್ತಾಡಿ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ.ಫಾ। ಜೋಸ್ ಪೂವತ್ತಿಂಗಲ್ ಇವರು ಉಪಸ್ಥಿತರಿದ್ದು ಶುಭ ಹಾರೈಸಿದ್ದಾರೆ. ಸದಸ್ಯರಿಗೆ ಮಹಾಸಂಘ ಬಲವರ್ಧನೆ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಮಹಾಸಂಘ ವತಿಯಿಂದ ಕಿರು ಕಾಣಿಕೆ ನೀಡಿ ಅಭಿನಂದನೆ ಸಲ್ಲಿಸಲಾಗಿದೆ.

ದಿನಾಂಕ 15.05.2025 ರಂದು ನೆಲ್ಯಾಡಿ ಮತ್ತು ಕುಟ್ರುಪ್ಪಾಡಿ ಮಹಾಸಂಘದ ಮಹಾಸಭೆ ಹಾಗೂ ನಿರ್ದೇಶಕರಿಗೆ ಬೀಳ್ಕೊಡುಗೆ ಕಾರ್ಯಕ್ರಮವನ್ನು ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ

ಆಯೋಜಿಸಲಾಗಿತ್ತು. ನಿರ್ದೇಶಕರಾದ ವಂ.ಫಾ ಬಿನೋಯಿ ಎ.ಜೆ.ರವರು ಉಪಸ್ಥಿತರಿದ್ದು ಮಹಾಸಂಘಗಳನ್ನು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವಂತೆ ಹಾಗೂ 10 ವರ್ಷ ಸಂಸ್ಥೆಯಲ್ಲಿ ನೀಡಿದ ಸೇವೆ ಬಗ್ಗೆ ತಿಳಿಸಿ ಶುಭ ಹಾರೈಸಿದ್ದಾರೆ. ಸದಸ್ಯರಿಗೆ ಮಹಾಸಂಘ ಬಲವರ್ಧನೆ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಮಹಾಸಂಘ ವತಿಯಿಂದ ಕಿರು ಕಾಣಿಕೆ ನೀಡಿ ಅಭಿನಂದನೆ ಸಲ್ಲಿಸಲಾಗಿದೆ.

ದಿನಾಂಕ 18.05.2026 ರಂದು ಬೆಳ್ತಂಗಡಿ ಮಹಾಸಂಘದ ಮಹಾಸಭೆ ಹಾಗೂ ನಿರ್ದೇಶಕರಿಗೆ ಬೀಳ್ಕೊಡುಗೆ ಕಾರ್ಯಕ್ರಮವನ್ನು ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನಿರ್ದೇಶಕರಾದ ವಂ.ಫಾ ಬಿನೋಯಿ ಎ.ಜೆ.ರವರು ಉಪಸ್ಥಿತರಿದ್ದು ಮಹಾಸಂಘಗಳನ್ನು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವಂತೆ ಹಾಗೂ 10 ವರ್ಷ ಸಂಸ್ಥೆಯಲ್ಲಿ ನೀಡಿದ ಸೇವೆ ಬಗ್ಗೆ ತಿಲಿಸಿ ಶುಭ ಹಾರೈಸಿದ್ದಾರೆ. ಸದಸ್ಯರಿಗೆ ಮಹಾಸಂಘ ಬಲವರ್ಧನೆ ಬಗ್ಗೆ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಮಹಾಸಂಘ ವತಿಯಿಂದ ಕಿರು ಕಾಣಿಕೆ ನೀಡಿ ಅಭಿನಂದನೆ ಸಲ್ಲಿಸಲಾಗಿದೆ.

ದಿನಾಂಕ 21.05.2026 ರಂದು ಸ್ನೇಹಕಿರಣ್ ಮಹಿಳಾ ಜಿಲ್ಲಾ ಒಕ್ಕೂಟ ಬೆಳ್ತಂಗಡಿ ಇದರ ಸಭೆ ಹಾಗೂ ನಿರ್ದೇಶಕರಿಗೆ ಬೀಳ್ಕೊಡುಗೆ ಕಾರ್ಯಕ್ರಮವವನ್ನು ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಒಕ್ಕೂಟದ ವತಿಯಿಂದ ಮಾಡಿದ ಕೆಲಸ ಕಾರ್ಯಗಳು ಹಾಗೂ ಮುಂದೆ ನಡೆಸುವ ಕಾರ್ಯಕ್ರಮಗಳ ಬಗ್ಗೆ ಚರ್ಚಿಸಲಾಗಿದೆ. ನಿರ್ದೇಶಕರಾದ ವಂ.ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಒಕ್ಕೂಟವು ಬಲವರ್ಧನೆಗೊಂಡು ಉತ್ತಮ ರೀತಿಯಲ್ಲಿ ಮುನ್ನಡೆಸುವಂತೆ ಹಾಗೂ 10 ವರ್ಷ ಒಕ್ಕೂಟಗಳ ಅಭಿವೃದ್ಧಿಗಾಗಿ ಶ್ರಮಿಸಿದ್ದು ಮುಂದೆ ಉತ್ತಮ ರೀತಿಯಲ್ಲಿ ಕಾರ್ಯನಿರ್ವಹಿಸುವಂತೆ ಶುಭ ಹಾರೈಸಿದ್ದಾರೆ. ಜಿಲ್ಲಾ ಒಕ್ಕೂಟದ ವತಿಯಿಂದ ಕಿರು ಕಾಣಿಕೆ ನೀಡಿ ಗೌರವಿಸಲಾಗಿದೆ.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 283 ಮಂದಿ ಆರ್ಥಿಕ ನೆರವು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ..21650/ ಧನ ಸಹಾಯ ಲಭಿಸಿರುತ್ತದೆ. 2025 ನವಂಬರ್ ತಿಂಗಳಿನಿಂದ ಇದುವರೆಗೆ ಈ ಯೋಜನೆಗೆ ರೂ. 2,97,715 /– ಸಂಗ್ರಹವಾಗಿದೆ.

**ಧನ್ಯವಾದ ಹಾಗೂ ಅಭಿನಂದನೆಗಳು:**

2016 ರಿಂದ 2019ರ ವರಗೆ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಸಹಾಯಕ ನಿರ್ದೇಶಕರಾಗಿ ಹಾಗೂ 2019 ರಿಂದ 2026 ಮೇ 23 ರ ವರೆಗೆ ಡಿ.ಕೆ.ಆರ್.ಎ.ಎಸ್

ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾಗಿ ಸಾರ್ಥಕ ಸೇವೆ ಸಲ್ಲಿಸಿ, ಗಂಡಿಬಾಗಿಲು ಸಂತ ತೋಮಸ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾಗಿ ವರ್ಗಾವಣೆಗೊಂಡ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರಿಗೆ ಹೃದಯಂತರಾಳದ ಧನ್ಯವಾದಗಳನ್ನು ಸಲ್ಲಿಸುತ್ತಿದ್ದೇವೆ.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ನೂತನ ನಿರ್ದೇಶಕರಾಗಿ ಆಯ್ಕೆಗೊಂಡ ವಂ. ಫಾ. ಜೋಸೆಫ್ ಮದಿಯೆಡತ್ತ್‌ರವರಿಗೆ ಅಭಿನಂದನೆಗಳನ್ನು ಸಲ್ಲಿಸಿ, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಗೆ ಆತ್ಮೀಯ ಸ್ವಾಗತವನ್ನು ಕೋರುತ್ತಿದ್ದೇವೆ.

**Fr. Varkey Malikayil**
Director, Social Service Department



## Congratulations to Rev. Fr. Alphonse VC
## Newly Ordained New Priest



## Belthanagdy : Angels' meet
## 25.05.2025



**Belthanagdy : *Hair Donation Camp***
**24.05.2026**




**Belthanagdy : 11th Std Teachers' Training**
**18.05.2026**





**Thotathady : Newly Built Community Hall
10.05.2026**





**Ellukochi : Newly Built Church**
**16.05.2026**





**Mundaje : Newly Built Convent**
**09.05.2026**





**Newly Blessed Mary Matha Ashram Church**
**Kokkada : 14.02.2026**



# Condolences

**Rev. Sr. James Mary FCC**
**FCC, Province, Kannur**



**Services in the Diocese of Belthangady**

1. FCC Convent, Jadkal (1994-1997)
2. FCC Convent, Thotathady(2000-2004)

# Feast of St. Alphonsa
## July-28



# അഭിവന്ദ്യ ലോറൻസ് പിതാവിന്റെ ഡയറിയിൽനിന്ന്

# മെയ് - 2026

03. രാവിലെ 8.00 ന് സംപാജെ ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

07. രാവിലെ 09.30 ന് കത്തീഡ്രൽ ഇടവകയുടെ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ച വീട് വെഞ്ചിരിക്കുകയും താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു.

09. രാവിലെ 10.00 ന് മുണ്ടാജെയിൽവച്ച് നവീകരിച്ച സി. എം. സി. സന്യാസ ഭവനത്തിന്റെ വെഞ്ചിരിപ്പ് തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയും വചന സന്ദേശം നൽകുകയും ഒപ്പം ബഹു. സി. സിൽവിയ സി. എം. സി., ബഹു. സി. പാവന സി. എം. സി., ബഹു. സി. റെനി സി. എം. സി., എന്നിവരുടെ സന്യാസ വ്രതവാഗ്ദാനത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു.

10. വൈകുന്നേരം 5.00 ന് തോട്ടത്താടി ഇടവകയിൽ പുതിയതായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ വെഞ്ചിരിപ്പു കർമ്മങ്ങളിലും, തുടർന്നുള്ള യോഗത്തിലും പങ്കെടുത്തു.

14. രാവിലെ 10.00 ന് എൻ. ആർ. പുര ലിറ്റിൽ ഫ്ളവർ ഇടവക ദേവാലയത്തിൽ ബഹു. സി. ഫിലൊ എസ്. എ. ബി. എസ് ന്റെ സന്യാസ വ്രതവാഗ്ദാനത്തിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു.

17. കത്തീഡ്രൽപള്ളിയി വച്ച് സ്ഥലം മാറിപോകുന്ന ബഹു. തോമസ് കണ്ണാങ്കലച്ചന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

19. രാവിലെ ഡി. കെ. ആർ. ഡി. എസ്. നിന്നും സ്ഥലം മാറിപോകുന്ന ബഹു. മാളികയിലച്ചന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

21. വൈകുന്നേരം ബിഷപ്സ് ഹൗസിൽ വച്ച് കത്തീഡ്രൽ പള്ളിയിൽനിന്നും സ്ഥലം മാറിപോകുന്ന ബഹു. കണ്ണാങ്കലച്ചന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

## *Feast of St. Thomas*
## July-3



"Jesus shows the wounds to Thomas, but in an ordinary way, coming in front of everyone, in the Community, not outside".
(Pope Francis,Vatican Chapel, 16.4.2023)

# അഭിവന്ദ്യ ജെയിംസ് പിതാവിന്റെ ഡയറിയിൽനിന്ന്

## മെയ് - 2026

01. രാവിലെ 9.00 ന് മണിപാൽ ഇടവകയിൽ (ഉടുപ്പി രൂപത) പുതുതായി നിർമ്മിച്ച ദേവാലയത്തിന്റെ വെഞ്ചിരിപ്പു തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

02. വൈകുന്നേരം 9.00 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

03. രാവിലെ 8.00 ന് മുണ്ടാജെ ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

04. കങ്കനാടി ഇടവകയിൽ വെച്ച് വിൻസെൻഷ്യൻ സഭാംഗമായ ബഹു. അൽഫോൻസ് നെറ്റനാനിക്കൽ ന് പൗരോഹിത്യ പട്ടം നൽകി.

05. രാവിലെ 09.30 ന് ബെൽത്തംഗഡി ഹോളി റെഡീമർ (മംഗലാപുരം രൂപത) പള്ളിയിൽ വച്ച് പള്ളൊറ്റ്യൻ സഭാംഗമായ ബഹു. അനിൽ ജോയെൽന് പൗരോഹിത്യ പട്ടം നൽകൽ കർമ്മത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

07. വൈകുന്നേരം 6.00 ന് ബെംഗളൂരു കമ്മില്ലസ് പ്രൊവിഷ്യൽ ഹൗസിൽ വച്ച് കമീല്ലിയൻ വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻ പട്ടം നൽകൽ കർമ്മത്തിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

09. രാവിലെ 10.00 ന് മുണ്ടാജെയിൽ വച്ച് നവീകരിച്ച സി. എം. സി. ന്യാസ ഭവനത്തിന്റെ വെഞ്ചിരിപ്പ് തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും വി. ബലി അർപ്പികുകയും ചെയ്തു.

ഒപ്പം ബഹു. സി. സിൽവിയ സി. എം. സി., ബഹു. സി. പാവന സി. എം. സി., ബഹു. സി. റെനി സി. എം. സി., എന്നിവരുടെ സന്യാസ വ്രതവാഗ്ദാനത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു.

10. തോട്ടത്താടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം 5.00 ന് തോട്ടത്താടി ഇടവകയിൽ പുതിയതായി നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ വെഞ്ചിരിപ്പു കർമ്മത്തിലും, തുടർന്നുള്ള യോഗത്തിലും പങ്കെടുത്തു.

11. തോട്ടത്താടി എഫ്. സി. സി. സന്യാസ ഭവനത്തിൽ വച്ച് ദിവ്യ ബലിയർപ്പിച്ച് സന്ദേശം നൽകി.

12. തോട്ടത്താടി ഇടവകയിൽ അജപാലന സന്ദർശനത്തിന്റെ ഭാഗ മായി എല്ല വൈദികരുടെയും, സമർപ്പിതരുടെയും ഭവനങ്ങൾ സന്ദർശിച്ചു.

14. രാവിലെ 10.00 ബെൽത്തംഗഡി അസ്സിസ്സി ആലയത്തിൽ(അന്ത റംഗത അലെ) വച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. 01.00 ന് മംഗലാപുരം എസ്. എച്ച്. സന്യാസ ഭവനത്തിൽ വച്ച് ദിവ്യബ ലിയർപ്പിച്ച് സന്ദേശം നൽകി. മംഗലാപുരം ഡി.എസ്. എച്ച്. ജെ. സന്യാസ ഭവനം, എസ്. എ.ബി. എസ്. സന്യാസ ഭവനം., എഫ്. സി. സി. സന്യാസ ഭവനങ്ങൾ സന്ദർശിക്കുകയും സിസ്റ്റേഴ്സു മായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു.

15. വൈകുന്നേരം തോട്ടത്താടി ഇടവകയിൽ അജപാലന സന്ദർശനത്തിന്റെ ഭാഗമായി എല്ലാ വൈദികരുടെയും, സമർപ്പി തരുടെയും ഭവനങ്ങൾ സന്ദർശിച്ചു.

16. വൈകുന്നേരം 3.00 ന് എള്ളുകൊച്ചി ഇടവകയിൽ പുതുതായി നിർമ്മിച്ച ദേവാലയത്തിന്റെ വെഞ്ചിരിപ്പു തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു.

17. രാവിലെ 8.00 ന് ഹൊസ്കോട്ടെ ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

18. രാവിലെ 06.30 ന് ബെൽത്തംഗഡി എസ്. എച്ച്. സന്യാസ ഭവ നത്തിൽ വച്ച്, വി. ബലി അർപ്പിക്കുകയും, സന്ദേശം നൽകുകയും ചെയ്തു.

19. രാവിലെ ഡി. കെ. ആർ. ഡി. എസ്. നിന്നും സ്ഥലം മാറിപോകുന്ന ബഹു. മാളികയിലച്ചന്റെ യാത്രയയപ്പ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

21. രാവിലെ 09.30 ന് കത്തീഡ്രൽ ഇടവകയുടെ ആഭിമുഖ്യത്തിൽ പണി

കഴിപ്പിച്ച വീട് വെഞ്ചിരിക്കുകയും താക്കോൽ ദാനം നടത്തുകയും സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം ബിഷപ്സ് ഹൗസിൽ വച്ച് കത്തീഡ്രൽപള്ളിയിൽനിന്നും സ്ഥലം മാറിപോകുന്ന ബഹു. കണ്ണാങ്കലച്ചന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

22. രാവിലെ 7.30 ന് കത്തീഡ്രൽ ഇടവകയിൽ നവീകരിച്ച സിമിത്തേരിയുടെ വെഞ്ചിരിപ്പ് നിർവ്വഹിച്ചു.

23. രാവിലെ 9.00 ന് കർമ്മലാരാം ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

24. രാവിലെ 10.00 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട, രൂപതയിലെ വിവിധ ഇടവകകളിൽ ആഘോഷമായ കുർബാന സ്വീകരണം നടത്തിയ കുട്ടികളുടെ സംഗമത്തിൽ (Angels' Meet) വി. ബലി അർപ്പിക്കുകയും വചന സന്ദേശം നൽകുകയും, അവരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തു.

24. ഉച്ച കഴിഞ്ഞ് 03.00 ന് രൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന കേ. എസ്. എം. സി. എ. യുടെയും, കത്തോലിക്കാ കോഗ്രസിന്റെയും കേന്ദ്ര ഭാരവാഹികളുടെ സംയുക്ത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

26. രാവിലെ 10.00 ന് ആറള ഇടവകാ ദേവാലയത്തിൽവച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷയിൽ പങ്കെടുക്കുകയും വി. ബലി അർപ്പിച്ച് സന്ദേശം നൽകു ബലിയർപ്പിച്ച് സന്ദേശം നൽകി.

28. വൈകുന്നേരം 9.00 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

29. രാവിലെ 10.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കെ. സി. ഇ. സി. എസ്. അധികൃതരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

31. രാവിലെ 10.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന എസ്. എം. വൈ. എം. ന്റെ ജനറൽ ബോഡി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.



## BISHOP'S ENGAGEMENTS

# BISHOP JAMES PATTERIL

## JUNE - 2026

| | | | |
|---|---|---|---|
| 01. | Laila | : | St. Mary's School |
| 02. | Belthangady | : | Joint Meeting of the Pastoral Council & Presbyterium |
| 03-04. | Belthangady | : | Priests' Refresher Course |
| 04. | Evening | : | Consultors' Meeting |
| 07-08. | Jadkal | : | Pastoral Visit |
| 09. | Bangady | : | Mariambika School |
| 11. | Nellyady | | |
| 14. | Moorje | : | Pastoral Visit |
| 15-23. | North East | | |
| 24. | Kokkada | | |
| 27. | Bajagoli | | |
| 28-29. | Mudur | : | Pastoral Visit |
| 30. | Belthangady | : | San Thome Tower : DKRDS Governing Body |

Registered News Paper
Monthly
**UDAYADEEPA BELTHANGADY**
REGISTERED NO.
PTR/105/2024-2026
LICENSED TO POST WITHOUT PREPAYMENT
LICENSE NO.
SK/WPP/PTR/219/2024-26
RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**
**ANNUAL SUBSCRIPTION**
**RS. 140/- PER COPY RS.12/-**

Let's Rise together to Rebuild the Community

Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879